# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1769 — 16.06.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് സർവ്വെ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | കേരളത്തിലെ സജീവ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനം - 2013 സംബന്ധിച്ച സർവ്വെയുടെ ഫീൽഡ് തല ജോലി ഫിഷറീസ് വകുപ്പിനു കീഴിൽ പൂർത്തിയായി. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളിൽ നിന്നും തിരഞ്ഞെടുത്ത 10000 പേരിൽ നിന്നുമാണ് ഈ പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. പ്രസ്തുത സർവ്വേയുടെ ഡാറ്റാഎൻട്രി നടന്നു വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനമാണ് സർവ്വെ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രസ്തുത സർവ്വേ നടന്നു വരുന്നത്. ഈ സർവ്വേയുടെ ഡാറ്റ എൻട്രി ജോലികൾ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം അറിയുന്നതിനും വികസന പദ്ധതികൾ ഫലപ്രദമാക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച തിരിച്ചറിയൽ വിവരങ്ങൾ, കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ, ഭവനം, ഗാർഹിക സൗകര്യങ്ങൾ, സാമ്പത്തികം, വായ്പ എന്നിവ സംബന്ധിച്ച വിവരങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങളെ സംബന്ധിച്ച വിവരങ്ങൾ എന്നീ കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ